"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - ദേശീയപാത വികസനത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയ ഇനത്തിലുള്ള നഷ്ടപരിഹാര തുകയായ 66,75,015/- രൂപ 0075-00-105-98 ശീർഷകത്തിൽ നിന്നും ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.461/2026/LSGD തീയതി,തിരുവനന്തപുരം, 23-02-2026

പരാമർശം :-

1. GO(P) No.190/2021/RD തീയതി 25.11.2021 സർക്കാർ ഉത്തരവ്
2. GO(Rt) No.232/2022/ധന തീയതി 12.01.2022 സർക്കാർ ഉത്തരവ്
3. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ എൽ.എ, നാഷണൽ ഹൈവേ, കൊല്ലത്തിന്റെ 15.07.2022 -ലെ എ1-2295/2022 നമ്പർ നടപടിക്രമം
4. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 03/07/2025 ലെ നമ്പർ എ/1461/2021 നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 23/12/2024 & 09/10/2025 എന്നീ തീയതികളിലെ LSGD/PD/34851/2021-REV6 നമ്പർ കത്തുകൾ

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയതിന്റെ ഭാഗമായി പരാമർശം (3) ലെ നടപടി ക്രമം പ്രകാരം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ അനുവദിച്ച് ട്രഷറിയിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകയായ **66,75,015/- രൂപ** ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിയ്ക്കണമെന്ന ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരാമർശം (5 ) പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) & (2) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ട്രഷറിയിൽ ക്രെഡിറ്റ് ചെയ്തതും , ദേശീയപാത വികസനത്തിന്റെ ഭാഗമായി ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയ ഇനത്തിൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടതായ നഷ്ടപരിഹാരത്തുകയുമായ **66,75,015/-(അറുപത്തിയാറ് ലക്ഷത്തി എഴുപത്തായ്യായിരത്തി പതിനഞ്ച് രൂപ മാത്രം)** തദ്ദേശസ്വയംഭരണ വകുപ്പിന്റെ 0075-00-105-98 ശീർഷകത്തിൽ

നിന്നു താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയോടെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചു നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

1. പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനു ഒരു ഡി.ഡി .ഒ യെ ചുമതലപ്പെടുത്തുക
2. ഇതിന് ശേഷം ട്രഷറി റീ ഫണ്ട് മാസ്റ്ററിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിനു ട്രഷറിയെ സമീപിക്കുക
3. ബിംസ് ആപ്ലിക്കേഷൻ വഴി റീഫണ്ടു ബില്ല് എടുത്തു ട്രഷറിയിൽ സമർപ്പിച്ചു തുക മാറി നൽകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്,കൊല്ലം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ധനകാര്യ വകുപ്പ്( 25/12/2025 ലെ 3035991/DEV-2/16/2025-FIN തീയതി 25/12/2025)
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി1/543/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
Date: 23-02-2026 12:15:12
സെക്ഷൻ ഓഫീസർ